# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : **20.11.2024** മുതൽ **24.11.2024** വരെ)

## കണ്ണൂർജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എൻ.ആർ - 93/2024 | തീയ്യതി: 19/11/2024 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 2.3 | 34.4 – 35.4 | 25.2 – 27.0 | 66 – 89 | 00 – 04 |

### ബി.വരുന്ന നാല്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 20-11-2024 | 21-11-2024 | 22-11-2024 | 23-11-2024 | 24-11-2024 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 1 | 0.1 | 0.1 | 0.1 | 0.1 |
| കൂടിയതാപനില, °C | 35 | 36 | 36 | 36 | 36 |
| കുറഞ്ഞതാപനില, °C | 26 | 27 | 27 | 27 | 26 |
| കൂടിയആപേക്ഷികആർദ്രത, % | 86 | 86 | 86 | 86 | 86 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 3 | 3 | 3 | 2 | 2 |
| കാറ്റിന്റെദിശ, ഡിഗ്രി | 250 | 250 | 290 | 290 | 290 |
| മേഘവിന്യാസം, ഒക്ടാ | 3 | 3 | 3 | 2 | 2 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ശക്തികുറഞ്ഞ മഴ **** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപനിലിയും അനുഭവപ്പെടും.<br>നവംബർ 19 മുതൽ 21 വരെ ശക്തികുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 15.6 മില്ലിമുതൽ 64.4 മില്ലി വരെ).<br>നവംബർ 22,23ന് നേരിയ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 15.6 മില്ലിമുതൽ 64.4 മില്ലി വരെ). | | |

| | | | |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ ശക്തമായ മഴയിൽ അമിതമായി വെള്ളക്കെട്ടുണ്ടായിരിക്കുന്ന ഇടങ്ങളിൽ നീർ വാർച്ച അനുവദിക്കുക.<br>പാകമായ വിളകൾ വിളവെടുക്കുകയും, വേഗത്തിൽ സംഭരിക്കാൻ കൊണ്ടുപോകുകയും ചെയ്യുക. വിളവെടുത്ത വിളകൾ വയലിലോ തുറസ്സായ സ്ഥലങ്ങളിലോ കൂമ്പാരമാക്കിയിടരുത്.<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br>അവശ്യ ഘട്ടങ്ങളിൽ മഴയില്ലാത്ത ഇടവേളകൾ ലഭിക്കുമ്പോൾ മാത്രം പശ ചേർത്തു കീടനാശിനി തളിക്കുക. | | |
| നെല്ല് | രണ്ടാം വിള<br>പറിച്ചു<br>നടുന്ന ഘട്ടം | ഞാറ് പറിച്ചു നടുന്നതിനു തൊട്ടു മുമ്പേ വേര് പ്സ്യൂഡോമോണാസ് ലായനി)20ഗ്രാം പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ(ൽ അര മണിക്കൂർ മുക്കി വെക്കുക. ഇത് നെല്ല് കരുത്തോടെ വളരുന്നതിന് സഹായകമാകും.<br>മഴയില്ലാത്ത നേരത്തു വെള്ളം താഴ്ത്തി, പാടവരമ്പിലെ ജല നിർഗമന നാളികൾ അടച്ചതിനു ശേഷം, വളം ചെയ്യുക.<br>പറിച്ചുനടുന്ന സമയത്ത് മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 900 ഗ്രാം മസൂറിഫോസ്, 150 ഗ്രാം പൊട്ടാഷ്-ഉം ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 700 ഗ്രാം മസൂറിഫോസ്, 120 ഗ്രാം പൊട്ടാഷ്-ഉം ചേർത്ത് കൊടുക്കണം. | |
| നെല്ല് | വൈകിനട്ട കുന്നിൻ പ്രദേശം | നെല്ലോല മണ്ഡരി<br> | അന്തരീക്ഷ ഊഷ്മാവ് 25c ന് അടുത്തും ആപേക്ഷിത ആർദ്രത 80% ൽ മേലെ ഉയർന്ന് നിൽക്കുകയും ചെയ്യുന്ന വേളകളിലാണ് ആക്രമണം രൂക്ഷമാവുന്നത്. ആക്രമണം കുലവാട്ടം പോലെയുള്ള കുമിൾ രോഗങ്ങൾക്കും ഹേതുവായി തീർന്നേക്കാം.<br>നിയന്ത്രണ മാർഗങ്ങൾ:<br>1. അസാഡിറാക്റ്റിന് (5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക.<br>അല്ലെങ്കിൽ<br>2. വെറ്റബിൾ സൾഫർ (4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| പച്ചക്കറികൾ | തൈകൾ | മണ്ണിൽ, സെന്റ് ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക. ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും.<br>പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും. | |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പു ചീയൽ<br> | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക. സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |
| തെങ്ങ് | വിവിധ ഘട്ടം | ഇല/പൂങ്കുല കരിച്ചൽ<br> | 1% ബോഡോ മിശ്രിതമോ 0.03% കോപ്പർ ഓക്സി ക്ലോറൈഡോ തളിക്കുക. കൂടാതെ മഞ്ഞളിപ്പ് രോഗത്തിന് പറഞ്ഞ പ്രതിവിധികൾ നിർബന്ധമായും അവലംബിക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br> | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| വാഴ | വിവിധ ഘട്ടം<br>(നേന്ത്രൻ വാഴ) | ഇലതീനി പുഴു<br> | ജൈവ കീടനാശിനികളായ ശ്രേയ, നന്മ തുടങ്ങിയവ 10 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളുടെ രണ്ടുവശത്തുമായി തളിക്കണം.<br>ആക്രമണം രൂക്ഷമാണെങ്കിൽമാത്രം:<br>ക്വിനാൽഫോസ് 20 ഇസി (2-4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക.<br>അല്ലെങ്കിൽ<br>ഫ്ലൂബെൻഡിയമൈഡ് 39.35 SC (2 മില്ലി, 10 ലിറ്റർ വെള്ളം) തളിക്കുക. |
| കശുമാവ് | തളിരിടുന്ന ഘട്ടം | തേയില കൊതുക്<br> | ആക്രമണം കണ്ടാൽ മാത്രം നിയന്ത്രണ നടപടികൾ സ്വീകരിക്കുക (പുതുതായി രൂപപ്പെട്ട മെലിഞ്ഞ ചില്ലകളിൽ ചുരണ്ടിയ അടയാളങ്ങൾ ഉണ്ടെങ്കിൽ മാത്രം). ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ലാംഡ സൈഹാലോത്രിൻ + കോപ്പർ ഓക്സി ക്ലോറൈഡ്<br>(@ ലാംഡ സൈഹാലോത്രിൻ 0.6 മില്ലി + കോപ്പർ ഓക്സി ക്ലോറൈഡ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക. |

| | | | |
|---|---|---|---|
| കശുമാവ് | പൂക്കുന്ന ഘട്ടം<br><br>(നേരത്തെ കായ്ക്കുന്ന ഇനങ്ങളായ മാടക്കത്തറ-1, KAU – നിഹാര,ശ്രീ...) | തേയില കൊതുക് | ആക്രമണം കണ്ടാൽ മാത്രം നിയന്ത്രണ നടപടികൾ സ്വീകരിക്കുക (പാനിക്കിളിൻ്റെ പൂങ്കുലത്തണ്ടിൽ/തണ്ടിൽ ചുരണ്ടിയ പാടുകൾ ഉണ്ടെങ്കിൽ മാത്രം).<br>ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ക്വിനാൽഫോസ് + മാങ്കോസെബ് (@ക്വിനാൽഫോസ് 2 മില്ലി + മാങ്കോസെബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| വെണ്ട | വിവിധ ഘട്ടം | തണ്ടുതുരപ്പൻ<br> | കൊറാജൻ 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒരാഴ്ച ഇടവേളയിൽ 2-3 തവണ തളിച്ച് കൊടുക്കുക. |
| പശു | വിവിധ ഘട്ടം | തെയിലേരിയോസിസ്<br> | തെയിലേറിയ ജനുസ്സിലെ ഹീമോ-പ്രോട്ടോസോവൻ പരാന്നഭോജികൾ മൂലമുണ്ടാകുന്ന ഒരു ടിക്ക് പരത്തുന്ന രോഗമാണ് തെയിലേരിയോസിസ്.<br>വടക്കൻ കേരളത്തിൽ സാധാരണ കണ്ടുവരുന്ന ഉഷ്ണമേഖലാ തെയിലിയോസിസിനു കാരണമാകുന്നത് ടി ആനുലറ്റയാണ്.<br>പനി, വീർത്ത ഉപരിപ്ലവമായ ലിംഫ് നോഡുകൾ എന്നിവയാണ് സ്വഭാവ ലക്ഷണങ്ങൾ, രോഗം പുരോഗമിക്കുകയാണെങ്കിൽ, കന്നുകാലികളുടെ അവസ്ഥ പെട്ടെന്ന് നഷ്ടപ്പെടും.<br>**പ്രതിരോധത്തിനായി:** മൃഗങ്ങളെ അകാരാസൈഡുകൾ ഉപയോഗിച്ച് സ്പ്രേ ചെയ്യുന്നതോ മുക്കിയോ ആണ് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന രീതി. |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി

**മഴ അപായവർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |
|---|---|---|---|